**No. CEE/432/2017/PGN-2017/TA4**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## എം.എസ്.സി നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശനം-2017 സാമുദായിക സംവരണത്തിന് അർഹരായവരുടെ താൽകാലിക ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

2017 ലെ **ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി നഴ്സിംഗ്)** കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ സാമുദായിക സംവരണത്തിന് അർഹരായവരുടെ താൽക്കാലിക ലിസ്റ്റ് **www.cee-kerala.org**, **www.cee.kerala.gov.in** എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **'PG Nursing2017-Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് തങ്ങളുടെ പ്രൊഫൈൽ പരിശോധിക്കാവുന്നതാണ്. സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ന്യൂനതകൾ ഉള്ള വിദ്യാർത്ഥികൾ ഹോം പേജിലെ **'Memo'** എന്ന മെനു ക്ലിക്ക് ചെയ്ത് ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ **2017 സെപ്റ്റംബർ 7 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി ലഭ്യമായ ലിങ്ക് വഴി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

കൂടാതെ പ്രസ്തുത ലിസ്റ്റ്, പ്രൊഫൈൽ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉള്ളവർ രജിസ്റ്റേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ, നേരിട്ടോ **'പ്രവേശന പരീക്ഷാ കമ്മീഷണർ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, 5-ാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം'** എന്ന വിലാസത്തിൽ **07.09.2017 വൈകുന്നേരം 5 മണിക്കു** മുൻപായി സമർപ്പിക്കണം. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
27.08.2017